**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 685** **09-08-2023 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗതവ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗതവ്യവസായ മേഖലയിലെ വിവിധ ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ആവിഷ്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പരമ്പരാഗത മേഖലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപന ങ്ങളുടെ ഉൽപ്പന്നങ്ങൾ ഓൺലൈനിൽ വിപണനം നടത്തുന്നതിന്റെ ഭാഗമായി ഒരു ഇ-കൊമേഴ്സ് പോർട്ടൽ രൂപീകരിക്കുന്നതിനായി തീരുമാനിച്ചിരുന്നു. കെൽട്രോണിന്റെ സഹായത്തോടുകൂടി ഈ പോർട്ടൽ തയ്യാറാക്കുന്നതിനായി **റിയാബിനെ** ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ഒരു e-commerce portal രൂപീകരിച്ച് ഹാൻഡി ക്രാഫ്റ്റ്സ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, ഹാൻടെക്സ് , കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ് (കേരള സോപ്സ്), കെ.സി.സി.പി ലിമിറ്റഡ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ, കാപ്പക്സ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഏകദേശം 200 ഓളം ഉൽപ്പന്നങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്. ഇതിനായി യുപിഐ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ പെയ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനായി ലോജിസ്റ്റിക്സ് പാർട്ട്ണർ ആയി ഇന്ത്യ പോസ്റ്റിനെയും നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇന്ത്യപോസ്റ്റ് , ഫെഡറൽ ബാങ്ക് എന്നിവരുടെ സോഫ്റ്റ്വെയറുമായി കെൽട്രോൺ തയ്യാറാക്കിയ പോർട്ടലിൽ ഇന്റഗ്രേഷൻ ചെയ്തിട്ടുണ്ട്. ഈ പോർട്ടലിൽ മറ്റു പൊതുമേഖല സ്ഥാപനങ്ങളുടെ |

ഓൺലൈനിൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഈ പോർട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്.

മേല്പറഞ്ഞത് കൂടാതെ രാജ്യത്തെ ഓൺലൈൻ വ്യാപാര മേഖല രംഗത്ത് ചെറുകിട ഇടത്തരം വ്യാപാരികൾക്ക് കൂടി അവസരം ഒരുക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ വികസിപ്പിച്ച ഓൺലൈൻ പോർട്ടൽ ആയ ഒ.എൻ.ഡി.സി (ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ്) യുമായി സംസ്ഥാന സർക്കാർ ധാരണ പത്രം ഒപ്പുവെച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ചെറുകിട ഇടത്തരം വ്യവസായങ്ങൾ കൂടാതെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ കൂടി ഈ പോർട്ടൽ മുഖാന്തരം വിപണനം ചെയ്യുന്നതിനുള്ള അവസരം ലഭിക്കും. സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖല സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളോട് ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തു വിപണനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. ഡിജിറ്റൽ വ്യാപാര മേഖലയുടെ നിലവിലുള്ള കേന്ദ്രീകൃത മാതൃകയിൽ നിന്ന് പൊതു വ്യാപാര ശൃംഖലയിലേക്കുള്ള മാറ്റമാണ് ഈ പോർട്ടൽ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

കേരള സർക്കാർ മുൻകൈ എടുത്ത് ഓൺലൈൻ പ്ലാറ്റ്ഫോമായ ONDC (ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ്) ൽ **കാപ്പക്സ്** രജിസ്റ്റർ ചെയ്തിട്ടുള്ളതും വില്പന ഓൺലൈൻ വഴി ആരംഭിച്ചിട്ടുള്ളതുമാണ്. കേരള സർക്കാരിന്റെ ഇ-കൊമേഴ്സ് ഓൺലൈൻ പ്ലാറ്റ്ഫോമിലും കാപ്പക്സ് നടപടികൾ പൂർത്തി യാക്കിയിട്ടുള്ളതും പ്രസ്തുത ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം വഴിയുള്ള ഓൺലൈൻ വ്യാപാരത്തിന്റെ കമ്മീഷനിംഗ് ഉടൻ നടപ്പാക്കുന്നതുമാണ്. കൂടാതെ കാപ്പക്സ് സ്വന്തം വെബ്സൈറ്റ് വഴിയുള്ള വ്യാപാരത്തിന് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

പരമ്പരാഗത മേഖലയിലെ വിവിധ ആർട്ടിസാൻസ് ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണനം കണ്ടെത്തുന്നതിനായി **കാഡ്കോ** കേന്ദ്ര സർക്കാർ സംരംഭമായ ONDC Platform-ൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കാഡ്കോയുടെ ലേബർ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ആർട്ടിസാൻമാരുടെ

ഉൽപ്പന്നങ്ങൾ പൊതു വിപണിയിലും, ആഗോള വിപണിയിലും എത്തിക്കാനുള്ള നടപടികൾ ONDC ലൂടെ സ്വീകരിക്കുന്നതായിരിക്കും. ഇതുകൂടാതെ ഗവൺമെന്റ് E-Market Place ആയ (GEM) ലും കാഡ്കോ അംഗത്വം നേടിയിട്ടുണ്ട്. Goshopy എന്ന കേരള സർക്കാർ ഓൺലൈൻ പ്ലാറ്റ്ഫോമിലും കാഡ്കോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ വിവിധ കൈത്തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ടി മാധ്യമങ്ങൾ മുഖേന വിപണിയിൽ എത്തിച്ച് ആയവ വിറ്റഴിക്കാവുന്നതാണ്.

ONDC Platform-ലൂടെ കശുവണ്ടി **വികസന കോർപ്പറേഷൻ** കാഷ്യൂ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. **കരകൗശല** ഉൽപ്പന്നങ്ങളുടെ വിപണനവും ഇതിലൂടെ സാധ്യമാകുന്നുണ്ട്. **ഖാദിഗ്രാമ** വ്യവസായ ബോർഡ് ഫ്ലിപ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

DICപരമ്പരാഗത വ്യവസായ മേഖലയിലെ സംരംഭകർ ഉൾപ്പെടെയുള്ള വ്യവസായികൾക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്തു വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ **(കെ-ബിപ്)** മുഖേന നിലവിൽ ഓൺലൈൻ പ്ലാറ്റ്ഫോം പ്രവർത്തിച്ചു വരുന്നു. പരമ്പരാഗത വ്യവസായ മേഖലയിലെ വിവിധ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി കേന്ദ്രീകൃത ഓൺ ലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി (ബിസിനസ്സ്) പോർട്ടലാണ് കെബിപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നത്.

**ബി2 ബി വെബ് പോർട്ടൽ**

കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും പരമ്പരാഗത വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനു വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കെ-ബിപ് മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു ഓൺലൈൻ പോർട്ടൽ രൂപീകരിച്ചു. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും

തങ്ങളുടെ ഉൽപ്പന്നങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ സംസ്ഥാനങ്ങളിലേക്ക് തങ്ങളുടെ വ്യാപാര ശൃംഖല വളരുവാനും സഹായകമാകും. കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലും എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു.

നിലവിൽ ആയിരത്തിലധികം സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങളും പരമ്പരാഗത വ്യവസായ മേഖലയിലെ കരകൗശല വിദഗ്ധരും/സംരംഭകരും കേരളത്തിലെ വിവിധ പൊതുമേഖലസ്ഥാപനങ്ങളും ഈ വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരുന്നു.

നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കരകൗശല വിദഗ്ധർ/ സംരംഭകർ എന്നിവർക്ക് ദേശീയ വിപണികളിൽ കടന്നു ചെല്ലുവാനും പ്രത്യേകിച്ചും കോവിഡ് 19 കാലത്തിന് ശേഷം അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ ബെയർമാർ/ കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും.

കേരള ഇ-മാർക്കറ്റ് പോർട്ടൽ മുഖേന കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെയും, പരമ്പരാഗത വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നൂതനമായ ഉൽപ്പന്നങ്ങളുടെ സവിശേഷതകളും, സാങ്കേതികതയും പ്രദർശിപ്പിക്കുവാൻ സാധിക്കുന്നു. ബി2ബി വെബ് പോർട്ടൽ കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്കും പരമ്പരാഗത വ്യവസായ മേഖലക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എല്ലാ തരത്തിലും പരസ്പര വ്യവഹാരം നടത്തുവാനും ബിസിനസ്സ് ടു ബിസിനസ്സിനായി (ബി2ബി) ഒരു വേദിയായും, ഇ-കാറ്റലോഗിംങ് തുടങ്ങിയവയ്ക്കായും പ്രയോജനപ്രദമാകുന്നു.

**കയർ**ഫെഡ് ഒരു ഇ-കോമേഴ്സ് പോർട്ടൽ തയ്യാറാക്കി ട്രയൽ റൺ നടന്നു വരുന്നു. പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ ആമസോൺ, പെപ്പർഫ്രൈ മുതലായ

| | | | |
|---|---|---|---|
| | | | ഓൺലൈൻ സൈറ്റുകളിലും കയർ കോർപ്പറേഷന്റെ ഷോപ്പിംഗ് കാർട്ട് സൈറ്റ്, ഒ.എൻ.ഡി.സി, കേരള ഇ-കോം മുതലായ വെബ്സൈറ്റുകൾ വഴിയും വില്പന നടത്തി വരുന്നു. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പരമ്പരാഗത മേഖലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപന ങ്ങളുടെ ഉൽപ്പന്നങ്ങൾ ഓൺലൈനിൽ വിപണനം നടത്തുന്നതിന്റെ ഭാഗമായി ഒരു ഇ-കൊമേഴ്സ് പോർട്ടൽ രൂപീകരിക്കുന്നതിനായി തീരുമാനിച്ചിരുന്നു. കെൽട്രോണിന്റെ സഹായത്തോടുകൂടി ഈ പോർട്ടൽ തയ്യാറാക്കുന്നതിനായി **റിയാബിനെ** ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ഒരു e-commerce portal രൂപീകരിച്ച് ഹാൻഡി ക്രാഫ്റ്റ്സ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, ഹാൻടെക്സ് , കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ് (കേരള സോപ്സ്), കെ.സി.സി.പി ലിമിറ്റഡ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ, കാപ്പക്സ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഏകദേശം 200 ഓളം ഉൽപ്പന്നങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്. ഇതിനായി യുപിഐ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ പെയ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനായി ലോജിസ്റ്റിക്സ് പാർട്ട്ണർ ആയി ഇന്ത്യ പോസ്റ്റിനെയും നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇന്ത്യപോസ്റ്റ് , ഫെഡറൽ ബാങ്ക് എന്നിവരുടെ സോഫ്റ്റ്വെയറുമായി കെൽട്രോൺ തയ്യാറാക്കിയ പോർട്ടലിൽ ഇന്റഗ്രേഷൻ ചെയ്തിട്ടുണ്ട്. ഈ പോർട്ടലിൽ മറ്റു പൊതുമേഖല സ്ഥാപനങ്ങളുടെ ഓൺലൈനിൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഈ പോർട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്.<br><br>മേല്പറഞ്ഞത് കൂടാതെ രാജ്യത്തെ ഓൺലൈൻ വ്യാപാര മേഖല രംഗത്ത് ചെറുകിട ഇടത്തരം വ്യാപാരികൾക്ക് കൂടി അവസരം ഒരുക്കുന്നതിനായി |

കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ വികസിപ്പിച്ച ഓൺലൈൻ പോർട്ടൽ ആയ ഒ.എൻ.ഡി.സി (ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ്) യുമായി സംസ്ഥാന സർക്കാർ ധാരണ പത്രം ഒപ്പുവെച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ചെറുകിട ഇടത്തരം വ്യവസായങ്ങൾ കൂടാതെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ കൂടി ഈ പോർട്ടൽ മുഖാന്തരം വിപണനം ചെയ്യുന്നതിനുള്ള അവസരം ലഭിക്കും. സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖല സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളോട് ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തു വിപണനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. ഡിജിറ്റൽ വ്യാപാര മേഖലയുടെ നിലവിലുള്ള കേന്ദ്രീകൃത മാതൃകയിൽ നിന്ന് പൊതു വ്യാപാര ശൃംഖലയിലേക്കുള്ള മാറ്റമാണ് ഈ പോർട്ടൽ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

കേരള സർക്കാർ മുൻകൈ എടുത്ത് ഓൺലൈൻ പ്ലാറ്റ്ഫോമായ ONDC (ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ്) ൽ **കാപ്പക്സ്** രജിസ്റ്റർ ചെയ്തിട്ടുള്ളതും വില്പന ഓൺലൈൻ വഴി ആരംഭിച്ചിട്ടുള്ളതുമാണ്. കേരള സർക്കാരിന്റെ ഇ-കൊമേഴ്സ് ഓൺലൈൻ പ്ലാറ്റ്ഫോമിലും കാപ്പക്സ് നടപടികൾ പൂർത്തി യാക്കിയിട്ടുള്ളതും പ്രസ്തുത ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം വഴിയുള്ള ഓൺലൈൻ വ്യാപാരത്തിന്റെ കമ്മീഷനിംഗ് ഉടൻ നടപ്പാക്കുന്നതുമാണ്. കൂടാതെ കാപ്പക്സ് സ്വന്തം വെബ്സൈറ്റ് വഴിയുള്ള വ്യാപാരത്തിന് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

പരമ്പരാഗത മേഖലയിലെ വിവിധ ആർട്ടിസാൻസ് ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണനം കണ്ടെത്തുന്നതിനായി **കാഡ്കോ** കേന്ദ്ര സർക്കാർ സംരംഭമായ ONDC Platform-ൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കാഡ്കോയുടെ ലേബർ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ആർട്ടിസാൻമാരുടെ ഉൽപ്പന്നങ്ങൾ പൊതു വിപണിയിലും, ആഗോള വിപണിയിലും എത്തിക്കാനുള്ള നടപടികൾ ONDC ലൂടെ സ്വീകരിക്കുന്നതായിരിക്കും. ഇതുകൂടാതെ ഗവൺമെന്റ് E-Market Place ആയ (GEM) ലും കാഡ്കോ അംഗത്വം നേടിയിട്ടുണ്ട്. Goshopy എന്ന കേരള സർക്കാർ ഓൺലൈൻ പ്ലാറ്റ്ഫോമിലും കാഡ്കോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ വിവിധ കൈത്തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന

ഉൽപ്പന്നങ്ങൾ ടി മാധ്യമങ്ങൾ മുഖേന വിപണിയിൽ എത്തിച്ച് ആയവ വിറ്റഴിക്കാവുന്നതാണ്.

ONDC Platform-ലൂടെ കശുവണ്ടി **വികസന കോർപ്പറേഷൻ** കാഷ്യൂ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. **കരകൗശല** ഉൽപ്പന്നങ്ങളുടെ വിപണനവും ഇതിലൂടെ സാധ്യമാകുന്നുണ്ട്. **ഖാദിഗ്രാമ** വ്യവസായ ബോർഡ് ഫ്ലിപ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

DICപരമ്പരാഗത വ്യവസായ മേഖലയിലെ സംരംഭകർ ഉൾപ്പെടെയുള്ള വ്യവസായികൾക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ **(കെ-ബിപ്)** മുഖേന നിലവിൽ ഓൺലൈൻ പ്ലാറ്റ്ഫോം പ്രവർത്തിച്ചു വരുന്നു. പരമ്പരാഗത വ്യവസായ മേഖലയിലെ വിവിധ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി കേന്ദ്രീകൃത ഓൺ ലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി (ബിസിനസ്സ്) പോർട്ടലാണ് കെബിപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നത്.

**ബി2ബി വെബ് പോർട്ടൽ**

കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും പരമ്പരാഗത വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനു വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കെ-ബിപ് മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു ഓൺലൈൻ പോർട്ടൽ രൂപീകരിച്ചു. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ സംസ്ഥാനങ്ങളിലേക്ക് തങ്ങളുടെ വ്യാപാര ശൃംഖല വളരുവാനും സഹായകമാകും. കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലും എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു.

| | | | |
|---|---|---|---|
| | | | നിലവിൽ ആയിരത്തിലധികം സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങളും പരമ്പരാഗത വ്യവസായ മേഖലയിലെ കരകൗശല വിദഗ്ധരും/സംരംഭകരും കേരളത്തിലെ വിവിധ പൊതുമേഖലസ്ഥാപനങ്ങളും ഈ വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരുന്നു.<br><br>നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കരകൗശല വിദഗ്ധർ/ സംരംഭകർ എന്നിവർക്ക് ദേശീയ വിപണികളിൽ കടന്നു ചെല്ലുവാനും പ്രത്യേകിച്ചും കോവിഡ് 19 കാലത്തിന് ശേഷം അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ ബെയർമാർ/ കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും.<br><br>കേരള ഇ-മാർക്കറ്റ് പോർട്ടൽ മുഖേന കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെയും, പരമ്പരാഗത വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നൂതനമായ ഉൽപ്പന്നങ്ങളുടെ സവിശേഷതകളും, സാങ്കേതികതയും പ്രദർശിപ്പിക്കുവാൻ സാധിക്കുന്നു. ബി2ബി വെബ് പോർട്ടൽ കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്കും പരമ്പരാഗത വ്യവസായ മേഖലക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എല്ലാ തരത്തിലും പരസ്പര വ്യവഹാരം നടത്തുവാനും ബിസിനസ്സ് ടു ബിസിനസ്സിനായി (ബി2ബി) ഒരു വേദിയായും, ഇ-കാറ്റലോഗിംങ് തുടങ്ങിയവയ്ക്കായും പ്രയോജനപ്രദമാകുന്നു.<br><br>**കയർ**ഫെഡ് ഒരു ഇ-കോമേഴ്സ് പോർട്ടൽ തയ്യാറാക്കി ട്രയൽ റൺ നടന്നു വരുന്നു. പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ ആമസോൺ, പെപ്പർഫ്രൈ മുതലായ ഓൺലൈൻ സൈറ്റുകളിലും കയർ കോർപ്പറേഷന്റെ ഷോപ്പിംഗ് കാർട്ട് സൈറ്റ്, ഒ.എൻ.ഡി.സി, കേരള ഇ-കോം മുതലായ വെബ്സൈറ്റുകൾ വഴിയും വില്പന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ